4 (560) വ്യവസായ രംഗത്തെ നിക്ഷേപം

ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ രംഗത്ത് എന്തു തുകയ്ക്കുള്ള നിക്ഷേപം നടത്തിയിട്ടുണ്ട്;

(ബി) നിക്ഷേപിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചത് എന്നായിരുന്നു.

(ഡി) ഇതിനുശേഷം ഇതുവരെ എന്തു തുകയ്ക്കുള്ള നിക്ഷേപം സംസ്ഥാനത്തുണ്ടായി;

(ഇ) പ്രസ്തുത നിക്ഷേപങ്ങളുടെ ഫലമായി പുതുതായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) നാളിതുവരെ കിൻഫ്രായിൽ 121.561 കോടിയുടെ നിക്ഷേപം സർക്കാർ നടത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ ഉല്പാദനം ആരംഭിച്ചിട്ടുള്ള 145 പദ്ധതികളിലായി 1264 കോടി രൂപയുടെ നിക്ഷേപവും ടെക്നോപാർക്കിൽ 62.40 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 1264.58 കോടി രൂപയുടെ നിക്ഷേപവും ഉണ്ടായിട്ടുണ്ട്.

(ബി) കിൻഫ്രയിൽ സർക്കാർ നടത്തിയ നിക്ഷേപ തുകയിൽ ധനസഹായം/വായ്പ ഇനത്തിൽ തരംതിരിച്ച തുകയെപ്പറ്റി അന്തിമ തീരുമാനം ആയിട്ടില്ല. കെ.എസ്.ഐ.ഡി.സി.യിലെ നിക്ഷേപത്തിന്റെ ഇനംതിരിച്ച വിവരം അനുബന്ധം-I ൽ നൽകിയിരിക്കുന്നു.† ടെക്നോപാർക്കിലെ നിക്ഷേപം മുഴുവൻ സ്വകാര്യ മേഖലയിലാണ്. സോഫ്റ്റ്വെയർ മേഖലയിൽ 48.40 കോടിയും ഹാർഡ്വെയർ മേഖലയിൽ 14 കോടിയും.

(സി) 1998-ൽ

(ഡി) കിൻഫ്ര അടിസ്ഥാന സൗകര്യ വികസന മേഖലയിൽ 29.75 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള പദ്ധതികളിലെല്ലാംകൂടി 916 കോടി രൂപയുടെ മുതൽമുടക്കുണ്ടായിട്ടുണ്ട്. ടെക്നോപാർക്കിൽ 15.2 കോടി രൂപയുടെയും ചെറുകിട വ്യവസായ മേഖലയിൽ 359.61 കോടി രൂപയുടെയും നിക്ഷേപമുണ്ടായി.

(ഇ) കിൻഫ്രയുടെ പണി പൂർത്തിയായ പാർക്കുകളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ ധാരാളം തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകും. പാർക്ക് നിർമ്മാണ പ്രവർത്തനങ്ങളിലല്ലാതെ 97 തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. കെ.എസ്. ഐ.ഡി.സി. മുഖാന്തിരം പൂർത്തിയാക്കിയ വിവിധ പദ്ധതികളിലൂടെ 5206 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ 245-ഉം ചെറുകിട വ്യവസായമേഖലയിൽ 79601-ഉം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

5 (561) പൂട്ടിക്കിടക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly